# പോലീസ് വകുപ്പ്

# കേരളം

**No.H1-28455/2021/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031
തീയതി.01-01-2022

**DO No. 1/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി: ശ്രീ സുമേഷ് , SCPO 11035(PEN 323778) ചോമ്പാല പി എസ്,എന്നയാൾക്കെതിരെയുള്ള വാക്കാലന്വേഷണം-പിആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1. DO No 361/2021 DR തിയ്യതി 12.06.2021
2.റൂറൽ ജില്ലാ സൈബർ ക്രൈം പോലീസ് ഇൻസ്പെക്ടർ സമർപ്പിച്ച 16.11.2021 തിയ്യതിയിലെ പിആർ മിനുറ്റ്സ്
3.29.11.2021 തിയ്യതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. കാരണം കാണിക്കൽ നോട്ടീസിന് 20.12.2021 തിയ്യതിയായി കുറ്റാരോപിതൻ സമർപ്പിച്ച മറുപടി

ശ്രീ സുമേഷ് സി, SCPO 11035 (PEN 323778 ) എന്നയാളെ, ചോമ്പാല പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ, 25.05.2021 തീയ്യതി രാത്രി സുമാർ 09.30 മണി സമയത്ത് ഇരിട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള പായം അംശം വട്ട്യാറ എന്ന സ്ഥലത്ത് രണ്ട് സ്ത്രീകൾ മാത്രം ഉണ്ടായിരുന്ന വീടിൻറ മുറ്റത്ത് നിർത്തിയിട്ടിരുന്ന കാറിന് സമീപം സംശയകരമായ സാഹചര്യത്തിൽ പതുങ്ങിയിരുന്ന നിലയിൽ നാട്ടുകാർ കണ്ടെത്തുകയും, നാട്ടുകാർ ചോദ്യം ചെയ്യുകയും തുടർന്ന് ഇരിട്ടി പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ച പ്രകാരം പോലീസ് സ്ഥലത്തെത്തി ടിയാനെ കൂട്ടി പോലീസ് സ്റ്റേഷനിൽ എത്തിക്കുകയും ആയത് സമൂഹമാധ്യമങ്ങളിൽ ചർച്ചയാവുകയും, കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് അനാവശ്യമായി കറങ്ങിനടക്കുകയും രോഗപ്പകർച്ചക്ക് കാരണമാകും വിധം പ്രവർത്തിക്കുകയും, ആയതിന് ഇരിട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 220/2021 U/s 4(2)(d) r/w 4(iv)of KEDO & 269 IPC കേസ്സിൽ പ്രതിയാവുകയും ചെയ്തത് വഴി ടിയാൻ പോലീസിൻറെ യശസ്സിന് കളങ്കമുണ്ടാക്കുകയും പൊതുജനങ്ങളുടെ ഇടയിൽ പോലീസ് സേനക്ക് അവമതിപ്പ് സൃഷ്ടിക്കുകയും ചെയ്തതായി ബോധ്യമായിട്ടുള്ളതാണ്.

പോലീസിൻറെ ഭാഗത്തുനിന്നുള്ള ഏത് പ്രവർത്തിയും പൊതുസമൂഹവും വാർത്താമാധ്യമങ്ങളും സാകൂതം വീക്ഷിക്കും എന്നതിനാൽ പോലീസ് ഉദ്യോഗസ്ഥൻ പാലിക്കേണ്ട അച്ചടക്കവും പൊതുയിടങ്ങളിൽ ഇടപെടുമ്പോൾ പുലർത്തേണ്ട മിതത്വവും സ്വഭാവശുദ്ധിയും പാലിക്കുന്നതിൽ ടിയാൻ ഗുരുതരമായ വീഴ്ച വരുത്തിയതായി പ്രഥമദൃഷ്ട്യാ വെളിവായിട്ടുള്ളതാണ് . ഒരു സുശിക്ഷിത സേനയിലെ ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥന് നിരക്കാത്തവിധം ഗുരുതരമായ അച്ചടക്കലംഘനവും സ്വഭാവദൂഷ്യവും കാണിച്ചതിന് ടിയാനെതിരെ ഈ ഓഫീസിലെ 12.06.2021 തിയ്യതിയിലെ DO No 361/2021DR പ്രകാരം വാക്കാലന്വേഷണം ഉത്തരവാകുകയും അന്വേഷണം നടത്തി PR മിനുറ്റ്സ് സമർപ്പിക്കുന്നതിന് സൈബർ ക്രൈം പി.എസ്. പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു.

കുറ്റാരോപണമെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് യോജിച്ച് കൊണ്ട് തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുവെക്കുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും സൂചന 3 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. മേൽ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല. എന്നിരുന്നാലും ഇത്തവണ ടിയാനോട് മൃദുസമീപനം സ്വീകരിച്ചുകൊണ്ട് എൻറെ താൽക്കാലിക തീരുമാനത്തിൽ മാറ്റം വരുത്തി, ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതനവർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുവെച്ചുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹു: കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

Srinivas A

01-01-2022
ശ്രീനിവാസ് എ, ഐ പി എസ്,

H1-28455/2021/DR dc8572

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ സുമേഷ് സി, SCPO 11035 എന്നയാൾക്ക് ചോമ്പാല SHO മുഖേന

പകർപ്പ് : ചോമ്പാല SHO ക്കു (മൂന്നു പകർപ്പ് )- ഒരു പകർപ്പ് സുമേഷ് സി, SCPO 11035 നു നല്കി മറുപകർപ്പിൽ ടിയാൻറെ തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനായി.
അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഹഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി
എ1 മുതൽ എ5 B, ബി1,ബി2,ബി3, എഫ്1 മുതൽ എഫ്6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ

Internal Administrative Processing System
iAPS
KERALA POLICE